## സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ
വീർപ്പാട്, വെളിമാനം




# അക്കാദമിക് മാസ്റ്റർ പ്ലാൻ
2025-26

## ആമുഖം

ഒരു നാടിന്റെ സാംസ്കാരിക തനിമയെ അടയാളപ്പെടുത്തുന്ന വൈജ്ഞാനിക കേന്ദ്രങ്ങളാണ് ഓരോ വിദ്യാലയവും. ഒരു വിദ്യാർത്ഥി പൗരനായി രൂപാന്തരപ്പെടുന്നതിന്റെ ബൗദ്ധിക പരീക്ഷണശാല കൂടിയാണിത്. ഏതൊരു വ്യക്തിയുടെയും അറിവിന്റെ ആദ്യപാഠമായ വിദ്യാലയങ്ങൾ മുന്നോട്ടുള്ള വളർച്ചയിലെ സ്വാധീന ഘടകം തന്നെയാണ്. വിദ്യാഭ്യാസം എന്ന സാംസ്കാരിക പ്രക്രിയയുടെ അന്ത:സത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് വിദ്യാർത്ഥിയുടെ സമഗ്ര വികസനമെന്ന ലക്ഷ്യപ്രാപ്തി മുന്നിൽകണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ആസൂത്രണം ചെയ്തിട്ടുള്ളത്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരിഗണിച്ചുകൊണ്ട് അവരുടെ സമഗ്ര വികസനത്തിന് ഉതകുന്ന വിധത്തിലാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിലൂടെ ക്ലാസ് മുറിയിൽ അനുഭവപ്പെടുന്ന അക്കാദമിക പ്രശ്നങ്ങളെ കൃത്യമായി തിരിച്ചറിഞ്ഞ് പരിഹരിക്കുവാൻ സാധിക്കുന്നു. അങ്ങനെ വിദ്യാർത്ഥികളുടെ അക്കാദമിക രംഗത്തെ നേട്ടങ്ങൾക്ക് അടിത്തറയാവുകയാണ് ഓരോ അക്കാദമിക് മാസ്റ്റർ പ്ലാനും. മികവുറ്റതും ആത്മവിശ്വാസമുള്ളതുമായ ഒരു തലമുറയെ രൂപപ്പെടുത്താൻ ക്രിയാത്മകവും സർഗ്ഗാത്മകവുമായ മാസ്റ്റർ പ്ലാനുകൾ സഹായകരമാവുന്നു.

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ സമഗ്ര വികസനം.
- ക്ലാസ് മുറിയിൽ അനുഭവപ്പെടുന്ന അക്കാദമിക പ്രശ്നങ്ങൾക്കുള്ള പരിഹാരം.
- കുട്ടിയുടെ അക്കാദമിക നേട്ടങ്ങൾ ഉറപ്പാക്കുന്നു.
- സാമൂഹ്യമേഖലയിലെ വികസനം പ്രോത്സാഹിപ്പിക്കുന്നു.
- വൈകാരിക മേഖലയിലെ വികസനം ഉറപ്പാക്കുന്നു.
- ഓരോ കുട്ടിക്കും ആവശ്യമായ പഠന പിന്തുണ എന്തെന്ന് തിരിച്ചറിഞ്ഞ് സഹായിക്കുന്നു.
- ഓരോ ക്ലാസിലും കുട്ടി നേടേണ്ടതായ അടിസ്ഥാന ശേഷികൾ നേടിയെന്ന് ഉറപ്പാക്കുന്നു.

## വിദ്യാലയം – ലഘുചരിത്രം

1940കളിൽ മലബാർ ഡിസ്ട്രിക്ട് എജുക്കേഷണൽ ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നതും അഞ്ചാം ക്ലാസ് വരെയുള്ളതുമായ ഒരു സ്കൂൾ ആറളത്ത് പ്രവർത്തിച്ചിരുന്നു. മലയാളരുടെ കുട്ടികൾ അഞ്ചുപേർ ആറളത്ത് പോയി പഠിച്ചിരുന്നു. ആറളത്തിനടുത്ത് പെരുംവേശിയിൽ ചാത്തോത്ത് കണ്ണൻ കുരുക്കൾ തന്റെ വീട്ടിൽ നിലത്തെഴുത്ത് കളരി നടത്തിയിരുന്നു. അക്കാലത്ത് പാലയാട് ദേവസ്വത്തിന്റെ

മാനേജർ ആയിരുന്ന ശ്രീ മന്ദത്ത് മടപ്പുരക്കൽ കുഞ്ഞിരാമനും ദേവസ്വവുമായി ബന്ധപ്പെടാനും മറ്റുമുള്ള എഴുത്തു കുത്തുകൾക്ക് ആറളത്തെ വിദ്യാഭ്യാസമുള്ള ജന്മിമാരെയും മറ്റും ആശ്രയിക്കേണ്ടി വന്നു. പേരും പെരുമയും ആനയും ഒക്കെ ഉണ്ടായിരുന്ന കുഞ്ഞിരാമന് തങ്ങളുടെ പ്രദേശത്ത് ഒരു സ്കൂളിന്റെ ആവശ്യകത ബോധ്യപ്പെടുകയും സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ റൈറ്റർ കണ്ണൻ നമ്പ്യാരുടെ സഹായത്താൽ ആരംഭിക്കുകയും ചെയ്തു. വടക്കേ മലബാർ വിദ്യാഭ്യാസ ഓഫീസറുടെ 26–5–1949 ലെ 542–ആം നമ്പർ കൽപ്പന പ്രകാരം 1–6–1949 – ൽ രാമാനന്ദവിലാസം എലിമെന്ററി സ്കൂൾ വീർപ്പാട് എന്ന പേരിൽ സ്കൂൾ പ്രവർത്തനമാരംഭിച്ചു. 62 വിദ്യാർത്ഥികളും മൂന്ന് അധ്യാപകരും ആണ് അന്ന് ഉണ്ടായിരുന്നത്. ശ്രീ കല്ലോരത്ത് കുഞ്ഞിരാമൻ നമ്പ്യാർ ആയിരുന്നു വിദ്യാഭ്യാസ ഓഫീസർ. ഇന്നത്തെ അയ്യങ്കുന്ന്, ആറളം പഞ്ചായത്തുകൾ ഉൾപ്പെട്ടിരുന്ന ആറളം അംശം ദേശത്ത് അംഗീകാരമുള്ള ആദ്യത്തെ പ്രൈവറ്റ് സ്കൂൾ ആയിരുന്നു രാമാനന്ദ വിലാസം എലമെന്ററി സ്കൂൾ. 1946 മുതൽ എടൂരിനടുത്ത് തോട്ടം പ്രദേശത്ത് പ്രവർത്തിച്ചിരുന്ന സ്കൂളിന് അംഗീകാരം ലഭിച്ചത് 1949 – ൽ മാത്രമാണ്. വെളിമാനം, കീഴ്പ്പള്ളി, വളയംകോട്, മുതലായ പ്രദേശങ്ങളിൽ നിന്നും കുട്ടികൾ വീർപ്പാട് സ്കൂളിൽ പോകേണ്ടിയിരുന്നു. ഭൂരിപക്ഷം വിദ്യാർത്ഥികളുടെ സൗകര്യവും സ്ഥലസൗകര്യവും പരിഗണിച്ച് വീർപ്പാട് ഒരു ചെറ്റക്കുടിലിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ 1951ൽ കീപ്പറമ്പൻ ചോലയിൽ കത്തോലിക്കാ വിദ്യാർത്ഥികളുടെ വേദപഠനത്തിനായി നിർമ്മിച്ച ഷെഡ്ഡിലേക്ക് മാറി. അതിൽ ഏകദേശം 95 കുട്ടികൾക്ക് ഇരിക്കാൻ സൗകര്യം ഉണ്ടായിരുന്നു. 1952 ശ്രീ. കുഞ്ഞിരാമൻ സ്കൂളിനു വേണ്ടി ഒരു കെട്ടിടം ഇപ്പോഴത്തെ സ്കൂൾ കെട്ടിടത്തിന് മുൻപിലായി ഉണ്ടാക്കുകയും സ്കൂൾ മാറ്റി സ്ഥാപിക്കുകയും ചെയ്തു. 1–6–1953ന് വിദ്യാഭ്യാസ ഓഫീസറുടെ 394 നമ്പർ ഉത്തരവ് പ്രകാരം വിദ്യാലയത്തിന് സ്ഥിരാംഗീകാരം ലഭിച്ചു.

സ്കൂളിന്റെ പുരോഗതിക്കും കാര്യക്ഷമമായ നടത്തിപ്പിനും വിദ്യാഭ്യാസ രംഗത്ത് പരിചയവും പാരമ്പര്യവുമുള്ള കത്തോലിക്കാ സമുദായം നടത്തുന്നത് നിയുക്തമെന്നു കരുതി 1954 – ൽ സ്കൂളും അത് സ്ഥിതി ചെയ്യുന്ന രണ്ട് ഏക്കർ സ്ഥലവും കൂടി 2200 രൂപക്ക് എം കുഞ്ഞിരാമനിൽ നിന്നും വെളിമാനം പള്ളി വിലയ്ക്ക് വാങ്ങി. റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തി ആയിരുന്നു അന്ന് ഇടവക വികാരി. സ്കൂളിന് സ്ഥലസൗകര്യം വർദ്ധിപ്പിക്കാൻ അദ്ദേഹം ഒരു കെട്ടിടം കൂടി ഉണ്ടാക്കി. 1956– ൽ ആണ് ഈ വിദ്യാലയത്തിന് പേര് സെന്റ് സെബാസ്റ്റ്യൻസ് ലോവർ എലിമെന്ററി സ്കൂൾ വീർപ്പാട് എന്നാക്കി മാറ്റിയത്.

1949–ൽ ആരംഭിച്ച് ഇന്നേക്ക് 76 അധ്യായന വസന്തങ്ങൾ പിന്നിടുന്ന വെളിമാനം യു പി സ്കൂൾ മലയോര ജനതയുടെ വിദ്യാഭ്യാസ സ്വപ്നങ്ങളുടെ പ്രതീക്ഷാകേന്ദ്രമായി, വെളിമാനത്തിന്റെ വെളിച്ചമായി. 30 അധ്യാപകരും, 602 വിദ്യാർത്ഥികളുമായി സബ്ജില്ലാ– ജില്ലാ–സംസ്ഥാന തലങ്ങളിൽ വെന്നിക്കൊടി പാറിച്ച് ജൈത്രയാത്ര തുടരുന്നു.

## ക്ലാസ് 1 – മലയാളം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | എഴുതാനുള്ള ശേഷി | • ചിത്രങ്ങൾ വായിച്ച് വായനയ്ക്ക് പ്രാപ്തരാക്കുക.<br>• നിറം നൽകൽ,ചിത്ര കാർഡുകൾ, വായനാസാമഗ്രികൾ തുടങ്ങിയ വർക്ക്ഷീറ്റ് പ്രവർത്തനം. | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് |
| 2 | ഭാഷ ശേഷീ വികസനം | • ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>• വായനാക്കൂട്<br>• അക്ഷരപ്പാട്ടുകൾ | ജൂൺ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| 3 | സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ എഴുതി പ്രകടിപ്പിക്കുവാനുള്ള ശേഷി വികസിപ്പിക്കൽ | • ആവർത്തന പദങ്ങൾ.<br>• വായനാ സമ്മാനം.<br>• വായനോത്സവം.<br>• ചെറു വിവരണ നിർമ്മാണം.<br>• പത്രവായന.<br>• ചിത്രകഥ നിർമ്മാണം. | നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് |

## ക്ലാസ് 1 – English

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | Graphic Reading | • Simple words provides pictures.<br>• Reading through pictures, videos etc.... | June<br>July<br>August |
| 2 | Simple words, simple sentence to speak, read and write make sure these are in the children. | • Word chain.<br>• Books, stories, picture description.<br>• Write 5 english words daily.<br>• Picture dictionary.<br>• Opportunity to express 'myself' in PTA & assembly. | September to March |

## ക്ലാസ് 1 – ഗണിതം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഗണിത പ്രശ്നങ്ങളുടെ നിർദ്ധാരണം. | • സംഖ്യാ കാർഡ് നിർമ്മാണം. | ജൂൺ<br>ജൂലൈ |

| | | | |
|---|---|---|---|
| | | • ഗണിത പഠന കിറ്റ്.<br>• മഞ്ചാടി പെട്ടി. | ഓഗസ്റ്റ്<br>സെപ്റ്റംബർ |
| 2 | സംഖ്യാബോധം | • വലിയ സംഖ്യ, ചെറിയ സംഖ്യ.<br>• കൂടുതൽ, കുറവ്.<br>• 1– 100 സംഖ്യ.<br>• ഒറ്റസംഖ്യ, ഇരട്ട സംഖ്യ.<br>• സങ്കലനം.<br>• വ്യവകലനം | ജൂൺ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| 3 | സംഖ്യാ വ്യാഖ്യാനം | • ഗണിത ആൽബം.<br>• PTA presentation.<br>• സംഖ്യ ഗാനം. | ഫെബ്രുവരി<br>മാർച്ച് |

## ക്ലാസ് 2 – മലയാളം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | അക്ഷരലോകം | • കഴിഞ്ഞ അധ്യായന വർഷം പഠിച്ച അക്ഷരങ്ങളുടെ ഓർമ്മ പുതുക്കൽ.<br>• അക്ഷര കാർഡുകൾ നിർമ്മിക്കുന്നു.<br>• അക്ഷര കാർഡ് ഉപയോഗിച്ചുള്ള പദനിർമ്മാണം നടത്തുന്നു. | ജൂൺ<br>ആദ്യവാരം |
| 2 | 'എന്റെ വായന' കുട്ടികളുടെ സ്വതന്ത്ര വായനയെ വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ. | • വായന കാർഡ് നിർമ്മാണം. ഓരോ കുട്ടിയും സ്വന്തമായി നിർമിക്കുന്നു.<br>• വായനാമത്സരങ്ങൾ വായനാദിനവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി വായന മത്സരം സംഘടിപ്പിക്കുന്നു.<br>• പത്രവായന, ഓരോ ദിവസവും പത്രവാർത്ത വായനയോട് കൂടി ക്ലാസ് ആരംഭിക്കുന്നു. പ്രധാന വാർത്തകൾ കുട്ടികൾ എഴുതിവരുന്നു. | ജൂൺ<br>ആദ്യവാരം<br><br>ജൂൺ 19<br><br>ജൂൺ to<br>മാർച്ച് |
| 3 | റീഡേഴ്സ് തിയറ്റർ | • തയ്യാറാക്കിയ റീഡിങ് കാർഡ്, കഥ ബുക്കുകൾ, ടെക്സ്റ്റ് ബുക്ക് എന്നിവ കുട്ടികൾ കഥയുടെയും കഥാപാത്രത്തിന്റെയും ഭാവം മനസ്സിലാക്കി വോയിസ് | ജൂലൈ to<br>മാർച്ച് |

| | | | |
|---|---|---|---|
| | | മോഡുലേഷനോട് കൂടി വായിച്ച് അവതരിപ്പിക്കുന്നു. | |
| 4 | 'എഴുത്തിലൂടെ സ്വതന്ത്രമായ എഴുത്ത്' പരിപോഷിപ്പിക്കുന്നു. | ചിത്രകഥ പൂർത്തിയാക്കൽ (ചിത്രങ്ങൾ നോക്കി അനുയോജ്യമായ കഥ നിർമ്മിക്കൽ)<br>• കഥാരചന.<br>• വരികൾ കണ്ടെത്തൽ, കവിത പൂർത്തിയാക്കൽ.<br>• ഡയറി.<br>• വിവരണം (യാത്രാ വിവരണം)<br>• പോസ്റ്റർ രചന.<br>• ക്ഷണക്കത്ത്. | ജൂലൈ to മാർച്ച്<br><br>ജനുവരി |
| 5 | സംയുക്ത ഡയറി | • മാതാപിതാക്കളും കുട്ടികളും സംയുക്തമായി ഡയറി എഴുതുന്നു.<br>• എഴുത്തിനനുസരിച്ചുള്ള ചിത്രങ്ങൾ വരച്ച് നിറം നൽകുന്നു. | ജൂലൈ to മാർച്ച് |

## ക്ലാസ് 2 – English

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | For improving vocabulary | • listing names of various objects, birds and animals.<br>• Listing different verbs with pictures.<br>• Making word cards, with pictures in alphabetical order. | June |
| 2 | Reading | • Making reading cards individually.<br>• Readers theatre learners reading stories, reading cards, text book etc. in a character based voice modulation.<br>• Conversations.<br>• Role play. | July to March |
| 3 | Writing | • Story writing.<br>• Completing story based on the given pictures.<br>• Diary.<br>• Description.<br>• Conversations.<br>• Fill in the blanks.<br>• Add more lines.<br>• Making riddles. | July to March |

| | | | |
|---|---|---|---|
| | | • Cross word puzzle. | |

## ക്ലാസ് 2 – ഗണിതം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | രൂപങ്ങൾ | • വ്യക്തിഗതമായി ഓരോ രൂപങ്ങളും ത്രിമാനമായോ ആകൃതിയായോ മുറിച്ച് എടുക്കുകയോ ചെയ്തു നിർമിക്കുന്നു.<br>• രൂപങ്ങളുമായി സാമ്യമുള്ള വസ്തുക്കൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു. | ജൂൺ<br>ജൂലൈ |
| 2 | ഗണിത ചിന്താശേഷി വളർത്തൽ | • ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br>• ഗണിത ക്യാമ്പ് (ഗണിത കളികളിലൂടെ) | ആഴ്ചയിൽ 1 പീരിയഡ് വീതം<br><br>മാസത്തിൽ 1 പീരിയഡ് വീതം |

## ക്ലാസ് 2 – പരിസര പഠനം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | • ശുചിത്വ സർവ്വേ ക്ലാസുകൾ.<br>• പോസ്റ്റർ രചന മത്സരം.<br>• അവതരണങ്ങൾ. | ജൂൺ<br>ജൂലൈ |
| 2 | പ്രകൃതിയെ അറിയാൻ | • പ്രകൃതി നടത്തം, കാണാകാഴ്ചകൾ. | സെപ്തംബർ<br>ഡിസംബർ |
| 3 | നാടറിയാൻ– നാട്ടറിവുകൾ | • കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം. | ജനുവരി മാർച്ച് |

## ക്ലാസ് 3 – മലയാളം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | • എഴുത്തുകൂട്ട രൂപീകരണം<br>• വായനാക്കുറിപ്പ് പതിപ്പ്<br>• വ്യക്തിഗത രചന<br>• ക്ലാസ് ലൈബ്രറി | 6 മാസം |

| | | | |
|---|---|---|---|
| 2 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• ചിത്രം അടിക്കുറിപ്പ്<br>• ചിത്രം കഥ എഴുതൽ | 2 മാസം |
| 3 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | • ക്ലാസ് വായന കൂട്ടം<br>• അമ്മ വായന<br>• വായന അനുഭവം<br>• പത്രവായന | 6 മാസം |

## ക്ലാസ് 3 – ഗണിതം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ജാമിതീയ സൗന്ദര്യം തിരിച്ചറിയാം | • ഒറിഗാമി ശിൽപ്പശാല<br>• രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും പ്രദർശിപ്പിക്കലും | ഒക്ടോബർ |
| 2 | ഗണിതം ലളിതമാക്കാം കളികളിലൂടെ | • ഗണിതോത്സവം | ജനുവരി |

## ക്ലാസ് 3 – English

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | Providing opportunities to hear English extensively | • Cartoon show | Once in a month |
| 2 | Opportunities to speak English with confidence | • Let's talk | Once in a month |

## ക്ലാസ് 3 – EVS

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളും പ്രത്യേകതകളും തിരിച്ചറിവ്. | കണ്ടെത്താം അറിയാം. | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് |
| 2 | ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ. | പരീക്ഷണം വീടിനകത്ത്. | ജനുവരി<br>ഫെബ്രുവരി |

## ക്ലാസ് 4 – മലയാളം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വായനാ ശേഷി വളർത്തൽ. | • വായനാ കാർഡ് നിർമ്മാണം.<br>• പുസ്തക പരിചയക്കുറപ്പ്.<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ. | വർഷം മുഴുവൻ. |
| 2 | നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ. | • ഭക്ഷ്യമേള.<br>• പാചകക്കുറിപ്പ് | വർഷത്തിൽ ഒരിക്കൽ |
| 3 | സർഗാത്മരചനാ ശേഷി വളർത്തൽ. | • മാസിക തയ്യാറാക്കൽ | വർഷത്തിൽ ഒരിക്കൽ |

## ക്ലാസ് 4 – ഗണിതം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഗണിത പഠനം രസകരമാക്കൽ കരചലന ശേഷി വികാസം. | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. | വർഷത്തിൽ ഒരിക്കൽ |
| 2 | ചതുഷ്ക്രിയകൾ ലളിതമാക്കൽ. | ഗണിത കളികൾ | വർഷം മുഴുവൻ |
| 3 | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസമാക്കൽ. | പഠനോപകരണ നിർമ്മാണം. | ആവശ്യാനു സരണം |

## ക്ലാസ് 4 – പരിസര പഠനം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | പ്രകൃതി നടത്തം നിരീക്ഷണം. | ഫീൽഡ് ട്രിപ്പ്. | ആവശ്യാനു സരണം |
| 2 | ശാസ്ത്ര മൂല.. | ശാസ്ത്ര പഠന സാമഗ്രികൾ ഒരുക്കൽ. | വർഷം മുഴുവൻ |
| 3 | ശാസ്ത്ര മാസിക | മാസിക നിർമ്മാണം | ഡിസംബർ |
| 4 | ശാസ്ത്ര വിസ്മയ ചുമർ. | ശാസ്ത്രവുമായി ബന്ധപ്പെട്ട ചിത്രം പ്രദർശനം | ജനുവരി |

## ക്ലാസ് 4 – English

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | Speaking skill | Class assembly | Once in a month |
| 2 | Writing skill | English Diary | Once in a week |

| | | | |
|---|---|---|---|
| 3 | Readers theatre | Drama | Once in a week |

## ക്ലാസ് 5 – മലയാളം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | പൂന്തോട്ടം | പൂന്തോട്ടം നിർമ്മാണം, കുട്ടികൾ ചെടികൾ നടുന്നു. വിവിധ പൂക്കളുടെ മാസ്കുകൾ ധരിച്ച് ഗ്രൂപ്പ് ആയി തിരിഞ്ഞ് പൂക്കളെ പരിചയപ്പെടുത്തുന്നു. | ജൂൺ to സെപ്റ്റംബർ |
| 2 | തൽസമയ സംപ്രേഷണം | വിവിധ കളികൾ അവതരിപ്പിക്കുന്നു. ദൃശ്യ ആവിഷ്കാരം വാക്കുകളിലൂടെ... കായികമേളയിലെ കളികൾ പരിചയപ്പെടുത്തുന്നു. | ഒക്ടോബർ to ഫെബ്രുവരി |
| 3 | പട്ടം പറപ്പിക്കൽ | പോസ്റ്റർ നിർമ്മാണം, കുട്ടികൾ ഓരോ പട്ടമായി മാറി കാര്യങ്ങൾ അവതരിപ്പിക്കുന്നു. മുറ്റത്ത് കളിക്കുന്നു | ഫെബ്രുവരി to മാർച്ച് |

## ക്ലാസ് 6 – മലയാളം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • എന്റെ അവധിക്കാലം പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു.<br>• ഭാഷ കേളി അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ചു അക്ഷരശുദ്ധി,ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ |
| 2 | കുട്ടികളുടെ സർഗാത്മക ശേഷി വളർത്തൽ | • ക്ലാസ് മാഗസിൻ – സ്കൂൾ മാഗസിൻ<br>• മുഴുവൻ കുട്ടികളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു.<br>• ക്ലാസ് മാഗസിനുള്ളിൽ നിന്ന് മികച്ച സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം |
| 3 | പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പുവരുത്തുക | • വാർത്താ ലോകത്തേക്ക് പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ കുട്ടികൾ | എല്ലാ ദിവസവും |

| | | | |
|---|---|---|---|
| | | വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | |

## ക്ലാസ് 7 – മലയാളം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാനശേഷ വികസനം – വായന പരിപോഷിപ്പിക്കുക. | • അവധിക്കാല വായന കുട്ടികൾ എല്ലാവരും അവധിക്കാലത്ത് അവർ വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കി അവ ഉൾപ്പെടുത്തി വ്യക്തിഗതമായി പതിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺ |
| 2 | കുട്ടികളുടെ കലാ കലാവാസനകളെ പരിപോഷിപ്പിക്കൽ. | • രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചൊൽ കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>• വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു. | അധ്യയന വർഷം |
| 3 | കുട്ടികളുടെ സർഗാത്മക ശേഷി വളർത്തൽ. | • ക്ലാസ് മാഗസിൻ – സ്കൂൾ മാഗസിൻ മുഴുവൻ കുട്ടികളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു.<br>• ക്ലാസ് മാഗസിനുള്ളിൽ നിന്ന് മികച്ച സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു.വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | വർഷാവസാനം |

## ക്ലാസ് 5 – English

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Picture interaction | • Picture description.<br>• Describe scenes.<br>• Prepare picture story.<br>• Story Reading.<br>• Story telling.<br>• Story writing. | June<br>July |
| 2 | Mini Dictionary | • Prepare mini dictionary based on each chapter. | June to March |
| 3 | Big book | • Prepare bigbooks as a part of group activities based on discourses. | June to March |
| 4 | News Reading. | • Given them chance to listen the news. Compile and read the news. Select 'Reader of the month'. | June to March |

## ക്ലാസ് 6 – English

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | Welcome and Basic Communication | • Games to encourage the students and provide instruction about sentence construction.<br>• Simple sentence speaking.<br>• Construction of sentence and practice. | 1st week of June<br><br>June, July |
| 2 | Develop English Language in Reading, Writing, Listening and Speaking. | • Reading and Listening short stories and share it in English in the class room.- Prepare sentences dialogues, and conversation.<br>• Grammar focus, Noun, Pronoun and Tense - construction of sentences in a paragraph and present in the class | August to November<br><br>December<br>January |

## ക്ലാസ് 7 – English

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | Listen and speak English. | <u>Breaking News</u>: Arrange English News for learners to listen as well as to learn correct pronunciation. Later learner recall the news and present in the class. | June |
| 2 | Create and improve imaginative skill | <u>Single and Pair</u>: Each learner prepare a conversation and present later they share it in pair and do the conversation in pair. | July |

| | | | |
|---|---|---|---|
| 3 | Speaking skill. | Treasure Hunt: Learners are given topic in a lot and they have to speak on the matter. The topic is related to their class or house. | August |
| 4 | Reading Wall | I can read: Reading cards are arranged for learners with simple language. Later the activity end with article reading or News paper reading. | September |
| 5 | Acquire vocabulary | My dictionary: Chart is displayed with words missing letters and learners fill the missing letter to form a word and they arrange the words in dictionary order. | October<br>November |
| 6 | Improve writing skill | Magazine: Each week learners are asked to submit any of their creative works such as story, poem, pictures, proverbs etc.. | December<br>January |
| 7 | Boost up Presentation skill | My Speech: Learners prepare either a speech or announcement of their choice. Learners present it class rooms and evaluation or commenting is done on group base. | February<br>March |

## ക്ലാസ് 5 – ബേസിക് സയൻസ്

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ജീവികളിലെ ആഹാരരീതിയിലെ വൈവിധ്യം ജീവികളുടെ ആഹാരവും വാസസ്ഥലവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നതിന് | ആഹാര ശൃംഖലകളുടെ മാതൃക നിർമ്മാണം ചിത്രീകരിക്കൽ | ജൂൺ<br>ജൂലൈ |
| 2 | പകർച്ചവ്യാധികൾ പകരാതിരിക്കാനുള്ള മുൻ കരുതലുകൾ സ്വീകരിക്കുക | വ്യക്തി ശുചിത്വത്തെക്കുറിച്ചും പരിസര ശുചിത്വത്തെക്കുറിച്ചും പോസ്റ്ററുകൾ തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കൽ | ഒക്ടോബർ to ഡിസംബർ |

## ക്ലാസ് 6 – ബേസിക് സയൻസ്

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ജൈവവൈവിധ്യ ഉദ്യാനം | കാലാവസ്ഥക്കും മണ്ണിനും ചേരുന്ന ഔഷധ ചെടികൾ പൂക്കൾ ചെറുമരങ്ങൾ എന്നിവയെല്ലാം ചേർത്ത് ഉദ്യാനം നിർമ്മിക്കുന്നു | ഒരു വർഷം |

| | | | |
|---|---|---|---|
| 2 | പഠനോപകരണ നിർമ്മാണം | ഓരോ പാഠഭാഗത്തിനും അനുയോജ്യമായ ചാർട്ടുകൾ, പഠനോപകരണങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു | ഒരു വർഷം |

## ക്ലാസ് 7 – ബേസിക് സയൻസ്

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഒരു കുട്ടിക്ക് ഒരു ഫസ്റ്റ് എയ്ഡ് ബോക്സ് പ്രഥമ ശുശ്രൂഷയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | കുട്ടികളോട് പ്രഥമ ശുശ്രൂഷയുടെ പ്രാധാന്യത്തെ കുറിച്ച് പറഞ്ഞു കൊടുക്കുകയും ഓരോ കുട്ടിയും ഒരു First Aid Box ഉണ്ടാക്കി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതകയെക്കുറിച്ച് പറഞ്ഞുകൊടുത്തതിനുശേഷം ആ ബോക്സിൽ സൂക്ഷിക്കേണ്ടതായിട്ടുള്ള അവശ്യമരുന്നുകളെ കുറിച്ചും ബോധവാന്മാരാക്കുകയും അതിന് സഹായമായ വീഡിയോകൾ കാണിക്കുകയും ചെയ്യുന്നു. | 2 ആഴ്ച |
| 2 | ‘ചിത്ര വിശകലനം’ ചിത്രം നിരീക്ഷിച്ച് അതിൽ ഉൾക്കൊള്ളുന്ന Scientific Terms എഴുതാനുള്ള കഴിവ് നേടുക | ഓരോ ചാപ്റ്ററിൽ വരുന്ന ഡയഗ്രാമിന്റെ മോഡൽ, ചാർട്ട് എന്നിവ ഉണ്ടാക്കി കുട്ടികൾക്ക് വിശദീകരിച്ചുകൊടുത്ത്, അതിനോടൊപ്പം തന്നെ കുട്ടികളെക്കൊണ്ടും ചാർട്ട്, മോഡൽ എന്നിവ ഉണ്ടാക്കിക്കുകയും അതിലൂടെ അതിൽ ഉൾപ്പെടുന്ന ഭാഗങ്ങൾ Scientific terms, Important points എന്നിവ കുട്ടികളുടെ മനസ്സിലേക്ക് ആഴത്തിൽ പതിക്കുന്നതിന് സഹായം ആകുന്നു. ഇതുവഴി ചിത്രം നിരീക്ഷിച്ച് തന്നിരിക്കുന്നവ പൂരിപ്പിക്കുക എന്ന ഭാഗം പൂർത്തിയാക്കുവാൻ കുട്ടികൾ പ്രാപ്തരാകന്നു. | വർഷം മുഴുവൻ |

## ക്ലാസ് 5 – സോഷ്യൽ സയൻസ്

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | Virtual Field Trip പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ചു | ജൂൺ to ഒക്ടോബർ |

| | | | |
|---|---|---|---|
| | | കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു, കുറിപ്പ് തയ്യാറാക്കുന്നു. | |
| 2 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. ഗ്രാമസഭയിൽ ചോദിക്കേണ്ട ചോദ്യാവലി തയ്യാറാക്കുന്നു. | നവംബർ to മാർച്ച് |

## ക്ലാസ് 6 – സോഷ്യൽ സയൻസ്

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip ICT സാധ്യതകൾ ഉപയോഗിച്ച് ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം |
| 2 | സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നു. | മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തരങ്ങൾ ലളിതമായ രീതിയിൽ പഠിക്കാൻ ക്വിസ് രൂപേണ പരീക്ഷകൾ നടത്തുന്നു. | അക്കാദമിക വർഷം |

## ക്ലാസ് 7 – സോഷ്യൽ സയൻസ്

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | സ്വാതന്ത്ര്യ സമര സേനാനികളെ പരിചയപ്പെടുത്തുന്നു. | • ജീവചരിത്ര വായന/ അവതരണം.<br>• ക്വിസ് മത്സരം.<br>• ചിത്രപരിചയം.<br>• റോൾപ്ലേ. | 9 മാസം |
| 2 | ഭൂപട വായന | ഓരോ വൻകരയിലും ഉൾപ്പെടുന്ന രാജ്യങ്ങൾ പട്ടികപ്പെടുത്തുന്നു. | 7 മാസം |

## ക്ലാസ് 5 – ഗണിതം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | സംഖ്യകളും അടിസ്ഥാന ഗണിത ക്രിയകളും എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് |

| | | | |
|---|---|---|---|
| | | (നമ്പർ കാർഡ്, മുത്തുകൾ, ഫ്ളാഷ് കാർഡ്) | |
| 2 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി മുൻനിരയിൽ എത്തിക്കുന്നു. | പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പോരായ്മകൾ കണ്ടെത്തി ഗണിത അധ്യാപകരുടെയും സമർത്ഥരായ കുട്ടികളുടെയും സഹായത്തോടെ ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | പിന്നീടുള്ള മാസങ്ങളിൽ ആഴ്ചയിൽ ഒരു പിരീഡ് |
| 3 | ജ്യാമിദിയ രൂപങ്ങളുടെ പഠനത്തിനായി ICT പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങളും അവയുടെ സവിശേഷതകളും ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം |

## ക്ലാസ് 6 – ഗണിതം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തുകൾ, ഫ്ളാഷ് കാർഡ്) | ജൂൺ ജൂലൈ |
| 2 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി മുൻനിരയിൽ എത്തിക്കുന്നു. | പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പോരായ്മകൾ കണ്ടെത്തി ഗണിത അധ്യാപകരുടെയും സമർത്ഥരായ കുട്ടികളുടെയും സഹായത്തോടെ ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് |
| 3 | ICT ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം |
| 4 | വിവിധശേഷികളുടെ വികസനം. | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ആവശ്യാനുസരണം |
| 5 | ഗണിത പാർക്ക് നിർമ്മാണം. | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയത്തിൽ ഗണിതപാർക്ക് ഗണിത ക്ലബ്ബിന്റെ സഹായത്തോടെ. | ഒരു പ്രാവശ്യം |

## ക്ലാസ് 7 – ഗണിതം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ക്ലാസ് റൂമിൽ പാഠ്യ പ്രവർത്തനങ്ങൾ വിവിധ പ്രവർത്തന ക്രിയകൾ നൽകിക്കൊണ്ട് ആരംഭിക്കുന്നു | ജൂൺ<br>ജൂലൈ |
| 2 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ,ടാൻഗ്രാം മുതലായ പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം |
| 3 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അവർക്ക് വേണ്ട മാർഗ്ഗനിർദേശങ്ങളും പ്രവർത്തനങ്ങളും ഗണിത അധ്യാപികയും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്നു നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് |

## ക്ലാസ് 5, 6, 7 – ഹിന്ദി

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമാണം.<br>• വാക്യങ്ങളുടെ നിർമ്മാണം.<br>• (എച്ച് എസ് വിഭാഗത്തിലെ പിന്നോക്ക അവസ്ഥയിലുള്ള കുട്ടികളെ PRE - TEST നടത്തി മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | ജൂൺ to ഓഗസ്റ്റ് |
| 2 | വീട് ഒരു പരീക്ഷണശാല. (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്നു ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. | സെപ്റ്റംബർ<br>ഒക്ടോബർ |

| | | | |
|---|---|---|---|
| | | • ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>• CWSN കുട്ടികളുടെ പങ്കാളിത്തം. | |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനും ഉള്ള അവസരം.<br>(സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി.<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10.)<br>• ക്ലാസ് ലൈബ്രറി.<br>• അധിക വായന സാമഗ്രികൾ.<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ.<br>• ചിത്രം – അടിക്കുറിപ്പ്.<br>• ചിത്രം – കഥ പറയൽ.<br>• ചിത്രം – കഥയെഴുതൽ.<br>• കഥ ബാക്കി എഴുതൽ.<br>• വായനാ മൂല.<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ. | നവംബർ to ഫെബ്രുവരി |

## ക്ലാസ് 5, 6, 7 – സംസ്കൃതം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഭാഷാജ്ഞാനം. | • അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷര കാർഡ്.<br>• അക്ഷരമാലകളികൾ.<br>• പാട്ടുകളും കഥകളും കേൾപ്പിക്കൽ | ജൂൺ to ഓഗസ്റ്റ് |
| 2 | കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക കളം സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ ഒക്ടോബർ |
| 3 | വായനാലോകം. കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ. | • സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേര് ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>• കുട്ടിയെ അനുമോദിക്കുക. | 6 മാസം |
| 4 | സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ. | • ക്ലബ്ബ് രൂപീകരണം. | ജൂൺ to മാർച്ച് |

| | | | |
|---|---|---|---|
| | | • കലണ്ടർ നിർമ്മാണം.<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര. | |
| 5 | പരീക്ഷകൾക്ക് തയ്യാറാക്കൽ. | • എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃക ചോദ്യ പേപ്പറുകൾ തയ്യാറാക്കണം. | ജൂൺ to മാർച്ച് |

## ക്ലാസ് 5, 6, 7 – ഉറുദു

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | <u>വായന</u><br>ഉറുദു ഭാഷ വായിക്കുക.<br>അക്ഷരങ്ങൾ ഉറപ്പിക്കുക.<br>ഭാഷയോട് താല്പര്യം ജനിപ്പിക്കുക. | വായന കാർഡ്, ചുവർ ചിത്രങ്ങൾ, കൂട്ടി വായന, അധിക വായന, വായനാമത്സരം. | വർഷം മുഴുവൻ |
| 2 | <u>എഴുത്ത്</u><br>അക്ഷരം എഴുതാൻ പഠിക്കുക.<br>വാചകം നിർമ്മിക്കുക.<br>കോപ്പിയെഴുത്ത്.<br>കവിതകളും കഥകളും സംഭാഷണങ്ങളും തയ്യാറാക്കുക.<br>പദങ്ങൾ എഴുതുക. | ആവർത്തിച്ചെഴുതുക ഹാൻഡ് റൈറ്റിംഗ് മത്സരം, നോട്ട് തയ്യാറാക്കുക, പദനിർമ്മാണം, ഡിക്ഷണറി നിർമ്മാണം. | വർഷം മുഴുവൻ |
| 3 | <u>സർഗാത്മകം</u><br>ഉറുദു ഭാഷ അവതരിപ്പിക്കാൻ എഴുത്തിലൂടെയും പാട്ടിലൂടെയും അഭിനയം, കളി എന്നിവയിലൂടെയും ഉറുദു പഠനം എളുപ്പമാക്കുക. | കവിതകൾ ഈണത്തിൽ പാടുന്നു സംഭാഷണം Role Play അവതരിപ്പിക്കുക കവിത മത്സരം കഥാമത്സരം എന്നിവ നടത്തുക. | വർഷം മുഴുവൻ |

## ക്ലാസ് LP വിഭാഗം – അറബിക്

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഭാഷാ വികാസം | • അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു.<br>• അക്ഷരക്കാർഡ്, പദചാർട്ട് ICT തുടങ്ങിയവ ക്ലാസുകളിൽ ഉപയോഗിക്കുന്നു. | ജൂൺ<br>ജൂലൈ<br><br>ജൂൺ to ഫെബ്രുവരി |
| 2 | നല്ല വായന. | • അക്ഷര വായന<br>• ചിത്ര വായന<br>• ക്ലാസ് വായന | ജൂൺ<br>ജൂലൈ<br><br>ജൂൺ to |

| | | | |
|---|---|---|---|
| | | • വീട്ടു വായന<br>• വായനാമത്സരങ്ങൾ | ഫെബ്രുവരി |
| 3 | നല്ല എഴുത്ത് | • അക്ഷരം, ചിഹ്നം, പദങ്ങൾ എന്നിവ ഉറപ്പിക്കുന്നു<br>• കൂട്ടിയെഴുത്ത്, കൈയെഴുത്ത് മാസിക<br>• വർക്ക് ബുക്ക് ഉപയോഗം | ജൂൺ to ഫെബ്രുവരി |
| 4 | സാഹിത്യ അഭിരുചി വളർത്തൽ | • ഇ – ടെക്സ്റ്റ് ഉപയോഗിച്ച് സംഭാഷണങ്ങൾ കേൾപ്പിക്കുന്നു<br>• ഭാഷ കളികൾ<br>• കവിത രചന, കഥാ രചന<br>• ഒരു ദിനം ഒരു വാക്ക്. | ജൂലൈ to ഫെബ്രുവരി |

## ക്ലാസ് 5, 6, 7 – Health and Physical Education

| SL No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | കായികക്ഷമത വിലയിരുത്തൽ പ്രവർത്തനങ്ങൾ | BMI Test, Harvard Step Test, നിരന്തര നിരീക്ഷണം, Textbook activities | June<br>July |
| 2 | കായിക മത്സരങ്ങൾക്കായി പ്രത്യേകം തയ്യാറെടുപ്പിക്കൽ | Special coaching for games (Basket Ball, Kho Kho, Hardball etc..) and Athletics, Text book activities | July to December |
| 3 | Transition Period Program | വിവിധതരം മൈനൽ ഗെയിമുകളുടെ പരിശീലനം, യോഗാ പരിശീലനം, Textbook activities | November to March |